# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5135 27/07/2015 ൽ മറുപടിക്ക്

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സംയോജിത വിദ്യാഭ്യാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>,, ആർ . സെൽവരാജ്<br>,, എം.പി.വിൻസെൻറ്<br>,, ലൂഡി ലൂയിസ് | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എസ്.എസ്.എ. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സംയോജിത വിദ്യാഭ്യാസത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | എ) രൂപീകരിച്ചിട്ടുണ്ട് |
| ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) 1. ഭിന്നശേഷിയുള്ള കുട്ടികളെ മുഖ്യധാരയിൽ നിലനിർത്തിക്കൊണ്ട് വിദ്യാഭ്യാസം നൽകുക.<br>2. കുട്ടിക്ക് ശാരീരികവും മാനസികവും വിദ്യാഭ്യാസപരമായ പുരോഗതി ഉണ്ടാക്കുക.<br>3. സാമൂഹിക ജീവിതത്തിൽ മറ്റ് അംഗങ്ങളോടൊപ്പം ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും പ്രാപ്തരാക്കുക. |
| ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | 1) വിദ്യാഭ്യാസ അവകാശ നിയമം (ആർ.ടി.ഇ) നടപ്പിലാക്കിയതിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ എല്ലാ പൊതുവിദ്യാലയങ്ങളിലും മറ്റ് കുട്ടികളോടൊപ്പം പഠിക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്.<br>2) വർഷാരംഭത്തിൽ ഭിന്നശേഷിയുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി സർവശിക്ഷാഅഭിയാൻ സർവേ നടത്തുന്നു. ഒന്നുമുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന സംബന്ധമായ ചുമതല സർവ ശിക്ഷാ അഭിയാനും 9 മുതൽ 10 വരെ കുട്ടികളുടെ ചുമതല ആർ.എം.എസ്.എ ക്കുമാണ് ഉള്ളത്.<br>3) സർവ ശിക്ഷാ അഭിയാനിൽ അംഗീകൃത ബി.ആർ.സിയിൽ 2015-16 വർഷത്തിൽ 5 റിസോഴ്സ് അധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഇൻക്ലൂസീവ് എഡ്യൂക്കേഷന്റെ കാഴ്ചപ്പാട് പ്രകാരം പൊതുവിദ്യാലയങ്ങളിലെ ജനറൽ അധ്യാപകർ ഭിന്നശേഷിയുള്ള കുട്ടികളെയും പഠിപ്പിക്കുന്നു. ജനറൽ അധ്യാപകർക്ക് ആവശ്യമായ ശാക്തീകരണം റിസോഴ്സ് അധ്യാ പകർ നൽകുന്നു. ഒപ്പം കുട്ടിക്ക് ആവശ്യമായ അധികപിന്തുണ |

പരിഹാരബോധന ക്ലാസ്സിലൂടെ നൽകിവരുന്നു.

4) എല്ലാ വർഷവും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സർവ ശിക്ഷാ അഭിയാൻ സ്കൂൾ, ബ്ലോക്ക്, ജില്ലാ വിദ്യാഭ്യാസ ... ദ്ധതികൾ തയ്യാറാക്കുന്നു. ഇതിൽ ഭിന്ന ശേഷിയുള്ള കുട്ടിക ... പ്രത്യേക ഇടപെടൽ മേഖല ഉണ്ട്. ഈ പദ്ധതി കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന് സമർപ്പിക്കുന്നു ... അപ്രൈസൽ ബോർഡ് അംഗീകരിക്കുന്ന പദ്ധതികൾ സംസ്ഥാന ഗവൺമെന്റിന്റേയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീ...